Reg. No. : ................................

Name : ......................................

**SY 727**

# SECOND YEAR HIGHER SECONDARY EQUIVALENCY EXAMINATION, MAY 2024

## Part – III

## ECONOMICS

**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

---

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*
- *Give equations wherever necessary.*
- *Electronic devices except non programmable calculators are not allowed in the Examination Hall.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Score**

**Answer any 14 questions from 1 to 16. Each carries 1 score.** **(14×1=14)**

Choose the correct answer.

**1.** 'The General Theory of Employment Interest and Money' was written by

a) J. M. Keynes  b) David Ricardo

c) J. S. Mill  d) Amartya Sen

**2.** Which of the following is the Central Bank of India ?

a) SBI  b) RBI  c) IOB  d) ICICI

**3.** Who is the father of Modern Economics ?

a) J. B. Say

b) Lionel Robbins

c) Adam Smith

d) None of these

**4.** The short run shut-down point of a firm in a perfect competitive market is

a) P = AC  b) P = TC

c) P = TVC  d) P = AVC

**5.** The rate at which one country's currency is exchanged for another country's currency is

a) Exchange rate  b) Export

c) Import  d) Devaluation

Fill in the blanks.

**6.** The price where demand and supply are equal is known as ________________

**7.** The curve representing inverse relationship between price of a commodity and its quantity demanded is ____________

**Score**

**1 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 14 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(14×1=14)**

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

**1.** 'തൊഴിൽ, പലിശ, പണം എന്നിവയുടെ പൊതു സിദ്ധാന്തം' എഴുതിയത്

a) ജെ. എം. കെയ്ൻസ്
b) ഡേവിഡ് റിക്കാർഡോ
c) ജെ. എസ്. മിൽ
d) അമർത്യാ സെൻ

**2.** താഴെ കൊടുത്തിരിക്കുന്നതിൽ ഇന്ത്യയുടെ കേന്ദ്രബാങ്കാണ്

a) SBI
b) RBI
c) IOB
d) ICICI

**3.** ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവാര് ?

a) ജെ. ബി. സേ
b) ലയണൽ റോബിൻസ്
c) ആഡം സ്മിത്ത്
d) ഇവയൊന്നുമല്ല

**4.** പൂർണ്ണ മത്സര കമ്പോളത്തിലെ ഒരു ഉത്പാദകസ്ഥാപനത്തിന്റെ ഹ്രസ്വകാല അടച്ചുപൂട്ടൽ ബിന്ദു.

a) P = AC
b) P = TC
c) P = TVC
d) P = AVC

**5.** ഒരു രാജ്യത്തിന്റെ കറൻസി മറ്റൊരു രാജ്യത്തിന്റെ കറൻസിയുമായി വിനിമയം ചെയ്യുമ്പോൾ ലഭ്യമാകുന്ന വിലയാണ്

a) വിനിമയ നിരക്ക്
b) കയറ്റുമതി
c) ഇറക്കുമതി
d) മൂല്യച്യുതി

വിട്ടുപോയവ പൂരിപ്പിക്കുക.

**6.** ഡിമാന്റും (ചോദനം) സപ്ലൈയും (പ്രദാനം) തുല്യമാകുന്ന വിലയാണ് ________________

**7.** ഒരു വസ്തുവിന്റെ വിലയും ആ വസ്തുവിന്റെ ചോദന അളവും തമ്മിലുള്ള വിപരീത ബന്ധത്തെ പ്രതിപാദിക്കുന്ന വക്രമാണ് ____________

**Score**

**8.** 1 – MPC = ______________

**9.** $\frac{\text{National Income}}{\text{Population}}$ = _______________

State whether True or False.

**10.** All inputs are varied in the long run.

**11.** Depreciation and appreciation of the currency takes place at fixed exchange rates.

**12.** Long queues in the Ration Shops are the negative result of price floor.

Match the column A with B suitably.

| | A | B |
|---|---|---|
| **13.** | Wheat | CU + DD |
| **14.** | TFC + TVC | Intermediate goods |
| **15.** | TC/Q | TC |
| **16.** | $M_1$ | AC |

**Answer any 5 questions from 17 to 22. Each carries 2 scores.** **(5×2=10)**

**17.** Define the following :

a) Devaluation

b) Open Economy.

**18.** Classify the following into Micro Economics and Macro Economics
Price of a Pen, National Income, Demand of a commodity, Inflation.

**Score**

**8.** 1 – MPC = ______________

**9.** $\frac{\text{ദേശീയ വരുമാനം}}{\text{ജനസംഖ്യ}}$ = ______________

ശരിയോ തെറ്റോ എന്ന് പ്രസ്താവിക്കുക.

**10.** ദീർഘകാലയളവിൽ എല്ലാ നിവേശങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു.

**11.** കറൻസിയുടെ മൂല്യം കുറയ്ക്കലും (Devaluation) മൂല്യം വർദ്ധിപ്പിക്കലും (Revaluation) നടക്കുന്നത് സ്ഥിരവിനിമയ നിരക്കിലാണ്.

**12.** തറവില (Price Floor) യുടെ വിപരീത ഫലമാണ് റേഷൻ കടകളുടെ മുമ്പിലെ നീണ്ട നിര.

കോളം A യെ കോളം B യുമായി അനുയോജ്യമായ രീതിയിൽ യോജിപ്പിക്കുക.

| | A | B |
|---|---|---|
| **13.** | ഗോതമ്പ് | CU + DD |
| **14.** | TFC + TVC | അന്തരാള വസ്തുക്കൾ |
| **15.** | TC/Q | TC |
| **16.** | $M_1$ | AC |

**17 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക.**
**2 സ്കോർ വീതം.** **(5×2=10)**

**17.** താഴെ കൊടുത്തിരിക്കുന്നവ നിർവ്വചിക്കുക.

a) മൂല്യച്യുതി

b) തുറന്ന സമ്പദ്വ്യവസ്ഥ

**18.** താഴെ കൊടുത്തിരിക്കുന്നവയെ സൂക്ഷ്മ സാമ്പത്തികശാസ്ത്രമെന്നും സ്ഥൂലസാമ്പത്തിക ശാസ്ത്രമെന്നും തരംതിരിക്കുക.
ഒരു പേനയുടെ വില, ദേശീയ വരുമാനം, ഒരു സാധനത്തിന്റെ ചോദനം, നാണയപ്പെരുപ്പം.

**19.** Write the economic terms of the following :

a) The rate of change of consumption as Income changes.

b) The ratio of change in Income as investment changes.

**20.** Write any two functions of Govt. Budget.


**21.** Write any two determinants of Firm's Supply.

**22.** Distinguish between Excess Demand and Excess Supply.

**Answer any 3 questions from 23 to 26. Each carries 3 scores.** **(3×3=9)**

**23.** Explain the central problems of an Economy in relations to allocation of resources.

**24.** Identify the elasticity of demand in a linear demand curve.




**25.** Write a short note on Returns to Scale.

**26.** $Q_d = 100 - 2P$

$Q_s = 20 + 2P$

Calculate equilibrium price and equilibrium quantity.

**Score**

**19.** താഴെ കൊടുത്തിരിക്കുന്നവയുടെ സാമ്പത്തിക പദം എഴുതുക.

a) വരുമാനം മാറുന്നതിന്റെ ഫലമായി ഉപഭോഗത്തിലുണ്ടാകുന്ന മാറ്റത്തിന്റെ നിരക്ക്.

b) നിക്ഷേപത്തിലുണ്ടാകുന്ന മാറ്റവും അതിന്റെ ഫലമായി വരുമാനത്തിലുണ്ടാകുന്ന മാറ്റവും തമ്മിലുള്ള അനുപാതമാണ്.

**20.** ഗവൺമെന്റ് ബജറ്റിന്റെ ഏതെങ്കിലും രണ്ട് ധർമ്മങ്ങൾ എഴുതുക.


**21.** ഉത്പ്പാദന യൂണിറ്റിന്റെ പ്രദാനം (Supply) നിർണ്ണയിക്കുന്ന ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.

**22.** അധിക ഡിമാന്റും (Excess demand) അധിക ചോദനവും (Excess supply) വേർതിരിച്ചെഴുതുക.

**23 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(3×3=9)**

**23.** വിഭവങ്ങളുടെ വിനിയോഗം മൂലം സമ്പദ്വ്യവസ്ഥ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ വിശദീകരിക്കുക.

**24.** ഒരു നേർരേഖാ ചോദനത്തിലെ കർവിന്റെ (Demand) ഇലാസ്തികത തിരിച്ചറിയുക.




**25.** തോതനുസരിച്ചുള്ള പ്രത്യയത്തെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

**26.** $Q_d = 100 - 2P$

$Q_s = 20 + 2P$

സന്തുലിതവിലയും സന്തുലിത അളവും കണക്കാക്കുക.

Score

**Answer any 4 questions from 27 to 31. Each carries 4 scores.** **(4×4=16)**

**27.** What are the factors influencing demand of a commodity ?

**28.** List out the features of Perfect Competition.

**29.** Explain the circular flow of National Income with the help of diagram.

**30.** Write a short note on the emergence of Macro Economics.

**31.** Explain the components of Aggregate demand in the two Sector Economy.

**Answer any 3 questions from 32 to 35. Each carries 5 scores.** **(3×5=15)**

**32.** Explain the short run profit maximisation conditions of Perfect Competition.

**33.** Explain the components of Government Budget.

**34.** a) Complete the following cost schedule.

| Output | TFC | TVC | TC | SAC |
|---|---|---|---|---|
| 0 | | | 20 | |
| 1 | | | 40 | |
| 2 | | | 50 | |
| 3 | | | 60 | |
| 4 | | | 80 | |
| 5 | | | 110 | |

b) Draw TFC and TC.

**35.** Explain the flexible exchange rate system.

**Score**

**27 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
**4 സ്കോർ വീതം.** **(4×4=16)**

**27.** ഒരു സാധനത്തിന്റെ ചോദനത്തിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

**28.** പൂർണ്ണ മത്സര കമ്പോളത്തിന്റെ സവിശേഷതകൾ ലിസ്റ്റ് ചെയ്യുക.

**29.** ഡയഗ്രത്തിന്റെ സഹായത്തോടെ ദേശീയ വരുമാനത്തിന്റെ ചാക്രിക പ്രവാഹം വിശദീകരിക്കുക.

**30.** സ്ഥൂല സാമ്പത്തികശാസ്ത്രത്തിന്റെ ആവിർഭാവത്തെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.

**31.** ഒരു ദ്വിമേഖലാ സമ്പദ്‌വ്യവസ്ഥയിൽ മൊത്ത ഡിമാന്റിന്റെ ഘടകങ്ങൾ വിശദീകരിക്കുക.

**32 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**
**5 സ്കോർ വീതം.** **(3×5=15)**

**32.** ഹ്രസ്വകാലയളവിൽ പൂർണ്ണമത്സര കമ്പോളത്തിൽ ലാഭം പരമാവധിയാക്കുന്നതിന്റെ വ്യവസ്ഥകൾ വിശദീകരിക്കുക.

**33.** ഗവൺമെന്റ് ബജറ്റിന്റെ ഘടകങ്ങൾ വിശദീകരിക്കുക.

**34.** a) താഴെ കൊടുത്തിരിക്കുന്ന ചെലവ് പട്ടിക പൂർത്തീകരിക്കുക.

| ഉത്പ്പന്നം | TFC | TVC | TC | SAC |
|---|---|---|---|---|
| 0 | | | 20 | |
| 1 | | | 40 | |
| 2 | | | 50 | |
| 3 | | | 60 | |
| 4 | | | 80 | |
| 5 | | | 110 | |

b) TFC യും TC യും വരയ്ക്കുക.

**35.** അയവുള്ള വിനിമയനിരക്ക് സമ്പ്രദായത്തെക്കുറിച്ച് വിശദീകരിക്കുക.

**Score**

**Answer any 2 questions from 36 to 38. Each carries 8 scores.** **(2×8=16)**

**36.** a) Explain the consumer's equilibrium with the help of diagram. **(4)**

b) Write the features of indifference curve. **(4)**

**37.** a) What are the methods of measuring National Income ? **(3)**

b) Explain any two method. **(5)**

**38.** a) Explain the functions of Central Bank. **(5)**

b) Analyse the functioning of quantitative credit control instruments of Central Bank. **(3)**

Score

**36 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2×8=16)**

**36.** a) ഉപഭോക്താവിന്റെ സന്തുലിതാവസ്ഥ ഡയഗ്രത്തിന്റെ സഹായത്തോടെ വിശദീകരിക്കുക. **(4)**

b) നിസ്സംഗതാവക്രത്തിന്റെ സവിശേഷതകൾ എഴുതുക. **(4)**

**37.** a) ദേശീയവരുമാനം കണക്കാക്കുന്ന വിവിധ രീതികൾ എന്തെല്ലാം ? **(3)**

b) ഏതെങ്കിലും രണ്ട് രീതികൾ വിശദീകരിക്കുക. **(5)**

**38.** a) കേന്ദ്ര ബാങ്കിന്റെ ധർമ്മങ്ങൾ വിശദീകരിക്കുക. **(5)**

b) കേന്ദ്രബാങ്കിന്റെ പരിണാത്മക വായ്പാനിയന്ത്രണ ഉപാധികളുടെ പ്രവർത്തനം വിശകലനം ചെയ്യുക. **(3)**